(ഡി) റോഡപകടങ്ങളുണ്ടാകുന്നതിനെയും അവ എപ്രകാരം ഒഴിവാക്കാൻ കഴിയുമെന്നതിനെയുംപറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപ്പു വർഷം 3571 വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 408 പേർ മരണമടഞ്ഞിട്ടുണ്ട്.

(സി) ഡ്രൈവർമാരുടെ അശ്രദ്ധയും, അമിത വേഗതയും, യഥാർത്ഥ സിഗ്നലുകൾ ആവശ്യ സമയത്ത് ഡ്രൈവർമാർ ഉപയോഗിക്കാത്തതും മദ്യപിച്ചും മറ്റും വാഹനമോടിക്കുന്നതും, വാഹനങ്ങളുടെ യന്ത്രത്തകരാറുകൾ യഥാസമയം പരിഹരിക്കാത്തതും മൂലമാണ്.

(ഡി) സർക്കാരിന്റെ പല ഏജൻസികളും, എൻ. എ. റ്റി. പി. എ. സി., (NATPAC) ആർ. ഐ. റ്റി. ഇ. എസ്.(R.I.T.E.S) എന്നീ ഏജൻസികളും പഠനങ്ങൾ നടത്തിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ അക്ഷയ പരിപാടി

97. [862] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ അക്ഷയ പരിപാടി നടപ്പിലാക്കുമ്പോൾ ദരിദ്രരുടെ മക്കൾക്ക് കുടുംബശ്രീ ഒരാൾക്കുവീതം പ്രത്യേകം ഗ്രാന്റ് അനുവദിക്കുമോ ;

(ബി) ഈ ആവശ്യത്തിനായി മുൻ ഗവൺമെന്റിന് കേന്ദ്രത്തിൽനിന്നും പ്രത്യേക ഗ്രാന്റായി നൽകിയ ഒരു കോടി രൂപയുടെ വിനിയോഗം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഈ ഒരു കോടി രൂപ ചെലവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ഇത്രയും തുക കുറച്ച് വാങ്ങാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അക്ഷയ പദ്ധതിയിലെ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി നടപ്പാക്കുന്നത് ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഉപയോഗിച്ചാണ്. കമ്പ്യൂട്ടർ സാക്ഷരതയ്ക്ക് വരുന്ന ഒരാൾക്ക് ആകെ ചെലവാകുന്ന 120 രൂപയിൽ ഗ്രാമ പഞ്ചായത്തുകൾ 60 രൂപയും ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ 10 രൂപ

LIBRARY ARCHIVES Kerala Legislative Assembly

വീതവും ഗുണഭോക്തൃവിഹിതം 40 രൂപയുമാണ്. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ അവരുടെ വിഹിതം 80 രൂപയും ഗുണഭോക്തൃവിഹിതം 40 രൂപയുമാണ്. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള 40 രൂപ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കാവുന്നതാണ്. കുടുംബശ്രീയോ മറ്റ് ഇതര സ്ഥാപനങ്ങളോ ദരിദ്രരുടെ മക്കൾക്ക് അക്ഷയ പദ്ധതിയുടെ ഗുണഭോക്താവിനുള്ള ഗ്രാന്റ് അനുവദിക്കുന്നതായി ഐ. റ്റി. മിഷനുമായി ധാരണയിലേർപ്പെട്ടിട്ടില്ല.

(ബി) മുൻ ഗവൺമെന്റിന് കേന്ദ്രത്തിൽനിന്നും ലഭിച്ചതായി പരാമർശിക്കുന്ന ഒരു കോടി രൂപ ഗ്രാന്റായി ഐ.റ്റി. മിഷന് ഈയിനത്തിൽ അനുവദിച്ചിട്ടില്ല.

(സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹൈക്കോടതി ബഞ്ച്

98. [863] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് അനുവദിക്കാൻ തയ്യാറാണെന്ന കേന്ദ്ര നിയമ മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കാൻ എന്തു നടപടികളാണ് കേരള സർക്കാർ സ്വീകരിച്ചത്;

(ബി) ഹൈക്കോടതി ബഞ്ച് എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ, ബി) കേരള ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചന നടത്തി തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണം സംബന്ധിച്ച സുവ്യക്തമായ നിർദ്ദേശം സമർപ്പിക്കാനാണ് കേന്ദ്ര നിയമവകുപ്പ് മന്ത്രി നിർദ്ദേശിച്ചിരുന്നത്. ഹൈക്കോടതി ബഞ്ചിന്റെ രൂപീകരണത്തിനാവശ്യമായ അനുബന്ധ സൗകര്യങ്ങൾ ഇപ്പോൾത്തന്നെ തിരുവനന്തപുരത്ത് ലഭ്യമാണ്. ഇക്കാര്യം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര നിയമ മന്ത്രിയുടെ നിർദ്ദേശാനുസരണം ഹൈക്കോടതി ചീഫ് ജസ്റ്റിസിൽ നിന്നും ബഞ്ച് സ്ഥാപിക്കുന്നതിന് അനുകൂല അഭിപ്രായം ലഭിച്ചിട്ടില്ല. ആയതിനാൽ ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ ശുപാർശയോടുകൂടി ഇതു സംബന്ധിച്ച നിർദ്ദേശം കേന്ദ്രസർക്കാരിന് ലഭ്യമാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ബഞ്ച് എത്രയും പെട്ടെന്ന് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്ന് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly